# ബൈക്ക് മോഷണം - പ്രതി പിടിയിൽ

മോഷ്ടിച്ചെടുത്ത ബൈക്കുമായി കറങ്ങുന്നതിനിടയിൽ യുവാവ് പിടിയിൽ. കീഴ്മാട് തോട്ടുമുഖം പൂഴിത്തറക്കുടിയിൽ അബൂബക്കർ (38) ആണ് ആലുവ പോലീസിൻറെ പിടിയിലായത്. ന്യൂ ഇയർ തലേന്ന് ആലുവ റെയിൽവേ സ്റ്റേഷന് സമീപമുള്ള പാർക്കിംഗ് ഏരിയായിൽ നിന്നുമാണ് ബൈക്ക് മോഷ്ടിച്ചത്. കേസിലെ രണ്ടാം പ്രതിയാണ് ഇയാൾ. ആലങ്ങാട് തിരുവാല്ലൂരിലെ ഗോഡൗണിൽ ജോലി ചെയ്യുന്ന യുവാവിൻറെതാണ് ബൈക്ക്. ഒന്നാം പ്രതിക്ക് വേണ്ടിയുള്ള അന്വേഷണം വ്യാപിപ്പിച്ചു. എസ്.പി യുടെ മേൽനോട്ടത്തിൽ രാത്രി കാല പട്രോളിംഗ് ശക്തമാക്കിയിരിക്കുകയാണ്. ആലുവ സി.ഐ പി.എസ്.രാജേഷ്, എസ്.ഐ മാരായ ആർ.വിനോദ് ,വി.കെ.രവി, എ. എസ്.ഐ മാരായ എ.എം.ഷാഹി, പി.ജി.സാജു, എം.എം കൃഷ്ണൻ, സി.പി.ഒ മാരായ കെ.കെ.ഹബീബ്, മുഹമ്മദ് കബിർ എന്നിവരാണ് അന്വേഷണ സംഘത്തിലുള്ളത്.